## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 7982 24.07.2012 ലെ മറുപടിക്ക്

### റോഡപകടങ്ങൾ കുറയ്ക്കുന്നതിനുള്ള ശുപാർശകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എ. അസീസ് | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | റോഡപകടങ്ങൾ കുറയ്ക്കുന്നതിനെപ്പറ്റി ചർച്ച ചെയ്യാൻ റോഡ് സുരക്ഷാ അതോറിറ്റി അവസാനമായി യോഗം ചേർന്നത് എന്നാണ്; ആ യോഗത്തിൽ എടുത്ത തീരുമാനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | ( എ) | കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ അവസാനയോഗം ചേർന്നത് 16.06.2012 ൽ ആണ്. ഈ യോഗത്തിൽ കൈക്കൊണ്ട പ്രധാന തീരുമാനങ്ങൾ താഴെപ്പറയുന്നവയാണ്.<br>1. എൻഫോഴ്സ്മെന്റ് ഓട്ടോമേഷന്റെ ഭാഗമായി തിരുവനന്തപുരത്തും എറണാകുളത്തും സ്ഥാപിച്ചിട്ടുള്ള കൺട്രോൾ റൂമിന്റെ പ്രവർത്തനത്തിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഡെയ്‌ലി വേജസിൽ മൂന്ന് പേരെ വീതം നിയമിക്കുന്നതിനും, അവരുടെ ശമ്പളമായി 8,10,000/ രൂപ മോട്ടോർ വാഹന വകുപ്പിന് നൽകാനും തീരുമാനിച്ചു.<br>2. മോട്ടോർ വാഹന വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗത്തിലെ മൊബൈൽ സ്ക്വാഡിന്റെ പ്രവർത്തനത്തിനായി 22 വാഹനങ്ങൾ വാങ്ങുന്നതിലേയ്ക്ക് 132 ലക്ഷം രൂപ മോട്ടോർ വാഹന വകുപ്പിന് നല്കാൻ തീരുമാനിച്ചു.<br>3. കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് II (KSTP) സമർപ്പിച്ച പദ്ധതിയായ കഴക്കൂട്ടം മുതൽ അടൂർ വരെ എം. സി. |

| | | | |
|---|---|---|---|
| | | | റോഡിലെ 77 കി.മീറ്ററിൽ "സേഫ് കോറിഡോർ പൈലറ്റ് പ്രോജക്ട്'' നടപ്പിലാക്കുന്നതിനായി ട്രാൻസ്പോർട്ട് , പൊതുമരാമത്ത്, വിദ്യാഭ്യാസം, പൊലീസ്, ആരോഗ്യം എന്നീ വകുപ്പുകളെ ചേർത്തുകൊണ്ട് വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കാൻ തീരുമാനിച്ചു.<br>4. നാറ്റ്പാക്ക് സമർപ്പിച്ച റോഡ് സുരക്ഷ റിസർച്ച് പ്രോജക്ട് ആന്റ് പ്രോഗ്രാം നടപ്പിലാക്കുന്നതിന് 35,00,000/ രൂപ അനുവദിക്കാൻ തീരുമാനിച്ചു.<br>5. റോഡ് സുരക്ഷാ വാരം 2012 ന്റെ ഭാഗമായി നാറ്റ്പാക്ക് നടത്തിയിട്ടുള്ള വിവിധ പരിപാടികൾക്ക് ചിലവഴിച്ച 10,00,800/ രൂപ അനുവദിക്കാൻ തീരുമാനിച്ചു.<br>6. മോഡേൺ എക്യൂപ്മെന്റ്സ് ഫോർ ട്രാഫിക് എൻഫോഴ്സ്മെന്റിനായി പോലീസ് സമർപ്പിച്ച പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ പോലീസ് മോട്ടോർ വാഹന വകുപ്പുകളിൽ നിന്ന് പ്രത്യേക പ്രോജക്ട് റിപ്പോർട്ട് സ്വീകരിക്കുവാനും തീരുമാനിച്ചു. ചേർത്തല മുതൽ കണ്ണൂർ വരെയുള്ള റൂട്ടിൽ സ്പീഡ് / നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച റിപ്പോർട്ട് മോട്ടോർ വാഹന വകുപ്പിൽ നിന്നും ടി പദ്ധതിക്കായി ചേർത്തല മുതൽ പാറശ്ശാല വരെയുള്ള സ്ഥലങ്ങളെ സംബന്ധിച്ച് പോലീസ് വകുപ്പിൽ നിന്നും പ്രത്യേക പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി വാങ്ങുവാനുമാണ് തീരുമാനിച്ചിരിക്കുന്നത്. |
| (ബി) | റോഡപകടങ്ങൾ കുറയ്ക്കുന്നതിന് റോഡ് സുരക്ഷാ അതോറിറ്റി | (ബി) യും (സി) | ലേയ്ൻ ട്രാഫിക് ഉള്ള സ്ഥലങ്ങളിൽ വലിയ വാഹനങ്ങൾ ഇടതുവശം ചേർന്ന് പോകുന്നുവെന്ന് ഉറപ്പ് വരുത്താൻ |

| | | | |
|---|---|---|---|
| | എന്തെങ്കിലും ശുപാർശകൾ സമർപ്പിച്ചിരുന്നുവോ; | യും | വേണ്ടിയുള്ള നിയമനിർമ്മാണം നടത്തുന്നതിനുള്ള നിർദ്ദേശം നിയമ വകുപ്പുമായി ആലോചിച്ച് നിർദ്ദേശിക്കണമെന്ന് തീരുമാനിച്ചു. കൂടാതെ വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന പ്രൊപ്പോസലുകളാണ് റോഡ് സുരക്ഷാ അതോറിറ്റിയുടെ യോഗത്തിൽ പരിഗണിക്കുന്നത്. അതോറിറ്റി പ്രത്യേകമായി മറ്റ് ശുപാർശകളൊന്നും തന്നെ സമർപ്പിച്ചിട്ടില്ല. |
| (സി) | ശുപാർശയുടെ വിശദ വിവരങ്ങൾ വ്യക്തമാക്കുമോ; | (ഡി) യും | |
| (ഡി) | ഈ ശുപാർശയിന്മേൽ സ്വീകരിച്ച/സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ